# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6056 07.07.2014-ൽ മറുപടിക്ക്.

## സേവാഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. കെ.മുരളീധരൻ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ സേവാ ഗ്രാമുകൾ സ്ഥാപിക്കുന്നതു വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് സേവാഗ്രാമം പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഗ്രാമസഭ/വാർഡ്സഭ അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമായിരിക്കും ഗ്രാമകേന്ദ്രം അഥവാ സേവാഗ്രാം. ഗ്രാമസഭ/ വാർഡ് സഭകളുടെ ആസ്ഥാനമെന്ന നിലയിൽ ഗ്രാമസഭ/ വാർഡ്സഭ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ വികസന-ക്ഷേമ-സേവന-സാംസ്കാരിക സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ക്രോഡീകരിക്കുന്നതിനും അവ നടപ്പാക്കുന്നതിനും വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനും വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണ-സേവന കേന്ദ്രമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കണം. |
| (ബി) ഗ്രാമപഞ്ചായത്തുകളിൽ എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കുന്നത്; വിശദമാക്കുമോ; | (ബി) ഗ്രാമപഞ്ചായത്തുകളിൽ എല്ലാ വാർഡുകളിലും ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഓരോ വാർഡിന്റേയും കേന്ദ്രമായാണ് സേവാഗ്രാമം പ്രവർത്തിക്കേണ്ടത്. വാർഡുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ ഗ്രാമകേന്ദ്രത്തിന്റെ ഓഫീസിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. |

| | |
|---|---|
| (സി) എന്തെല്ലാം സേവനങ്ങളാണ് ഇത് വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു എക്സ്റ്റൻഷൻ കേന്ദ്രമായി സേവാഗ്രാം ട്ടായിരിക്കും പ്രവർത്തിക്കുക. |

**സെക്ഷൻ ഓഫീസർ**